പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **339** — **10.12.2012**-ൽ മറുപടിക്ക്.

## ജുഡീഷ്യൽ ഓഫീസർമാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജുഡീഷ്യൽ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് ; ജില്ലാ ജഡ്ജിമാർ തുടങ്ങി മുൻസിഫ്/മജിസ്ട്രേറ്റ് വരെ തരം തിരിച്ച് വ്യക്തമാക്കുമോ ; | : (എ) 5 ജില്ലാ ജഡ്ജിമാർ, 1 സബ് ജഡ്ജ്/ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, 22 മുൻസിഫ് മജിസ്ട്രേറ്റ് എന്നിങ്ങനെ 28 ഒഴിവുകളുണ്ട്. |
| (ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; | : (ബി) ഇല്ല. |
| (സി) കേന്ദ്ര ഫണ്ടിന് ആനുപാതികമായി സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കാത്തതാണ് സംസ്ഥാനത്തെ വിവിധ ഫാസ്റ്റ് ട്രാക്ക് കോടതികളുടെ അടച്ചുപൂട്ടലിന് കാരണമെന്ന ബഹു.സുപ്രീം കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ഡി) എങ്കിൽ പ്രസ്തുത പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ നിലനിർത്തുവാനും, സ്ത്രീ വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും പുതിയ ഫാസ്റ്റ് ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | : (സി ) & (ഡി)<br><br>14.11.2012-ലെ ജി.ഒ.(എം.എസ്.) 285/10/ഹോം ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഫാസ്റ്റ് ട്രാക്ക് കോടതികൾക്ക് അഡീഷണൽ ജില്ലാ സെഷൻസ് കോടതി പദവി നൽകി നിലവിലുള്ള സൗകര്യങ്ങളോടെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗിക കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിന് മൂന്നു ജില്ലകളിൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ